പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2864 — 20/06/2013 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ നടപടികൾക്ക് ഇ-ഫയലിംഗ് സമ്പ്രദായം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ നടപടികൾ സമ്പൂർണ്ണ ഇ-ഫയലിംഗ് സമ്പ്രദായത്തിലാക്കുന്ന സാഹചര്യത്തിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പാക്കേജ് ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർ വത്ക്കരിക്കുമ്പോൾ, ആധാരമെഴുത്തുകാരെക്കൂടി അതിന്റെ ഭാഗമാക്കിക്കൊണ്ടുള്ള പദ്ധതി നിർവ്വഹണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ രേഖകളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇ-ഫയലിംഗിൽ നിരവധി 'ഹാക്കിംഗ്' നടക്കുവാൻ സാധ്യതയുള്ളതിനാൽ ഈ സമ്പ്രദായം വൻതോതിൽ ഭൂമി തട്ടിപ്പിന് കാരണമാകുമെന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | ബി) | സബ് രജിസ്ട്രാർ ഓഫീസുകളിൽ രേഖകളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്ന സമ്പ്രദായം നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടില്ല. അതിനൂതനരീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഇ-ഫയലിംഗ് നടപ്പിൽവരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| സി) പ്രസ്തുത സാഹചര്യം കണക്കിലെടുക്കുമ്പോൾ സർക്കാർ ഒത്താശയോടുകൂടി ഭൂമി തട്ടിപ്പിന് വ്യാപകമായി കളമൊരുങ്ങുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിലുള്ള നയം വ്യക്തമാക്കുമോ? | സി) | ഭൂമിസംബന്ധമായ ഇടപാടുകൾക്ക് കൂടുതൽ സുതാര്യത കൈവരുത്തുക, ഭൂമി ഇടപാടുകളിൽ പൊതുജനങ്ങൾ ചൂഷണം ചെയ്യപ്പെടാനിടവരുന്ന, ഇടനിലക്കാരുടെ ആശാസ്യകരമല്ലാത്ത പ്രവണതകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക എന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ.